# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1786** **25.03.2013- ൽ മറുപടിക്ക്**

## പൊന്നാനി കാർഗോപോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ: | | | ശ്രീ കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | പൊന്നാനി കാർഗോപോർട്ടിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | പൊന്നാനി തുറമുഖം പൊതു സ്വകാര്യ പങ്കാളിത്തത്തിൽ വികസിപ്പിക്കുന്നതിനുള്ള കൺസഷൻ എഗ്രിമെന്റ് 29.09.2011-ൽ മലബാർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ഒപ്പു വച്ചിട്ടുണ്ട്. വികസനപ്രവർത്തനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പഠനത്തിനുള്ള ടേംസ് ഓഫ് റഫറൻസ് കേന്ദ്ര പരിസ്ഥിതി വനം വകുപ്പിന്റെ അപ്രൈസൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ലീസ് എഗ്രിമെന്റിന്റെ കരട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പരിസ്ഥിതി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ബി) | സ്വകാര്യ ഡെവലപ്പർ ആയ മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് പരിസ്ഥിതി പഠന റിപ്പോർട്ട് അനുമതിക്കായി കേന്ദ്ര പരിസ്ഥിതി -വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ അതിന് അനുമതി ലഭിച്ചിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | പോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാവുമെന്ന് വിശദമാക്കാമോ? | (ഡി) | പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ.